| | പത്രക്കുറിപ്പ് | 2017 ആഗസ്റ്റ് 05 ശനി |
|---|---|---|

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് – കേരള സർക്കാർ, www.prd.kerala.gov.in

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട് 0495 2370225, dio.prd@gmail.com

## 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' സന്നദ്ധ പ്രവർത്തകരുടെ ഗൃഹസന്ദർശനത്തിന് തുടക്കമാവുന്നു

കേരളത്തെ സമ്പൂർണ മാലിന്യ രഹിത സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാന ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' പരിപാടിയോടനുബന്ധിച്ച് സന്നദ്ധ പ്രവർത്തകർ നടത്തുന്ന ഗൃഹസന്ദർശനം ഇന്ന് (06.08.17 ഞായർ) ആരംഭിക്കും. കിലയുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം സ്വായത്തമാക്കിയ കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി ടീച്ചർമാർ, ആശാ വർക്കർമാർ, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, വിരമിച്ച ജീവനക്കാർ തുടങ്ങിയവരാണ് വോളണ്ടിയർമാരായി വീടുകൾ സന്ദർശിക്കുന്നത്. വീടുകളിലെ മാലിന്യ സംസ്കരണ രീതി, ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കാറുണ്ടോ, മലിനജലം, പാഴ്‌വസ്തുക്കൾ ഇവ എങ്ങനെ കൈകാര്യം ചെയ്യുന്നു തുടങ്ങിയവ സംബന്ധിച്ച വിവര ശേഖരണവും ബോധവത്ക്കരണവുമാണ് ഗൃഹ സന്ദർശനത്തിന്റെ മുഖ്യ ലക്ഷ്യം.

ഈ മാസം 15 നു നടക്കുന്ന 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനത്തിന് മുന്നോടിയായി ആരംഭിക്കുന്ന ഗൃഹസന്ദർശന പരിപാടി 13 വരെ നീണ്ടു നിൽക്കും. 50 വീടുകൾക്ക് രണ്ട് വോളന്റിയർമാരെ വീതമാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തുന്ന ചടങ്ങിന് ശേഷമാണ് 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനം നടത്തുന്നത്. ഇതോടെ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കുകയെന്ന മഹായജ്ഞത്തിന് തുടക്കമാകും.

സന്നദ്ധ പ്രവർത്തകർ ശേഖരിക്കുന്ന വിവരങ്ങളുടെയും അവസ്ഥാ നിർണ്ണയ പഠനത്തിന്റെ ക്രോഡീകരണവും വിശകലനവും അടിസ്ഥാനമാക്കിയാണ് സമഗ്ര ശുചിത്വമാലിന്യ സംസ്കരണ പരിപാടിയുടെ തുടർ ക്രിയാത്മക പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. അതിനാൽ കേരളത്തിലെ എല്ലാ കുടുംബങ്ങളും ഈ കർമ്മ പരിപാടിയിൽ പങ്കാളികളാകണമെന്നും ഗൃഹ സന്ദർശന വേളയിൽ വോളണ്ടിയർമാർക്കാവശ്യമായ വിവരങ്ങൾ നൽകി സഹകരിക്കണമെന്നും അഭ്യർഥിക്കുന്നു.

## ആഗസ്റ്റ് 30 ന് കോഴിക്കോട് മെഗാ സ്നേഹപ്പൂക്കളമൊരുക്കും

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് മെഗാ സ്നേഹപ്പൂക്കളമൊരുക്കുന്നു. മതസൗഹാർദ്ദം, സാഹോദര്യം, മതനിരപേക്ഷത എന്നീ സന്ദേശമുൾക്കൊള്ളുന്ന 91 പൂക്കളങ്ങൾ ചേർന്നാണ് മെഗാ പൂക്കളമൊരുങ്ങുക. മികച്ച മൂന്ന് പൂക്കളങ്ങൾക്ക് സമ്മാനങ്ങൾ നൽകും. ആഗസ്റ്റ് 30

രാവിലെ 9 മണിക്കു പൂക്കളം നിർമ്മാണം തുടങ്ങും. ഉച്ചക്കു ശേഷം സൗഹൃദ സമ്മേളനവും സമ്മാനദാനവും നടക്കും. ഓണവും പെരുന്നാളും ഒന്നിച്ചാഘോഷിക്കപ്പെടുന്ന വേളയിൽ കോഴിക്കോട് നടത്തുന്ന സ്നേഹപ്പൂക്കളം വിജയിപ്പിക്കാൻ മുഴുവൻ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും മുന്നോട്ട് വരണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബാബു പറശ്ശേരി അഭ്യർത്ഥിച്ചു.

## ആഗസ്റ്റ് 15 മുതൽ ഒക്ടോബർ 2 വരെ ലഹരിക്കെതിരെ കാമ്പയിൻ

സ്വാതന്ത്ര്യ ദിനം മുതൽ ഗാന്ധി ജയന്തി ദിനം വരെയുള്ള കാലം ജില്ലയിൽ വ്യാപകമായി ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ വിമുക്തി മിഷൻ ജില്ലാതല സമിതി യോഗം തീരുമാനിച്ചു, കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബാബു പറശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ആഘോഷകാലത്ത് മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗം അധികരിക്കാൻ സാധ്യതയുള്ളതിനാൽ കുടുതൽ ജാഗ്രത പുലർത്തുന്നതിന് യോഗം എക്സ്സൈസ് അധികൃതർ നിർദ്ദേശം നൽകി. ആഗസ്റ്റ് 19 മുതൽ സെപ്തംബർ 10 വരെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ ഉൾപ്പെടുത്തും. ഇതിലേക്കായി പ്രത്യേക സ്ക്വാഡുകൾ സജ്ജീകരിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുടങ്ങാനും തീരുമാനിച്ചു.

വിമുക്തിയുടെ ഭാഗമായുള്ള പഞ്ചായത്ത്, വാർഡ് തല സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരുടെ ചുമതലപ്പെടുത്തും. വിദ്യാലയങ്ങളിൽ മാസത്തിൽ ഒരിക്കൽ ലഹരി വർജ്ജന സന്ദേശവുമായി പ്രത്യേക അസംബ്ലികൾ ചേരുവാനും തീരുമാനിച്ചു. വീടുകളിൽ ലഹരി വിരുദ്ധ സ്റ്റിക്കറുകൾ പതിക്കും. ഗ്രന്ഥശാലകളെ ലഹരി വിരുദ്ധ ബോധവത്കരണത്തിൽ സജീവ പങ്കാളികളാക്കും. വിദ്യാലയ പരിസരങ്ങളിലെ ലഹരി വസ്തു വില്പന ജനകീയ പങ്കാളിത്തത്തോടെ കർശനമായി തടയും. അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എമാരുടെ നേതൃത്വത്തിൽ ബോധവത്കരണ റാലികൾ സംഘടിപ്പിക്കും. മെഡിക്കൽ കോളേജ് പരിസരത്തെ ലഹരി വില്പനക്കെതിരെ നിരീക്ഷണം ശക്തമാക്കും. വിദ്യാലയങ്ങളിൽ ബോധവത്കരണ നാടകങ്ങൾ ഒരുക്കാനും തീരുമാനിച്ചു.

പുരുഷൻ കടലുണ്ടി എം.എൽ.എ, ജില്ലാ കളക്ടർ യു.വി.ജോസ്, എ.ഡി.എം ടി ജനിൽകുമാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പി.കെ സുരേഷ്, അഡീഷണൽ ഡി.എം.ഒ ഡോ.എസ്.എൻ.രവികുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ.ടി.ശേഖർ എന്നിവർ പങ്കെടുത്തു.

## കോ ഓപ്ടെക്സ് ഓണം മേള തുടങ്ങി

കോഴിക്കോട് മിഠായി തെരുവിൽ പ്രവർത്തിക്കുന്ന കോ ഓപ്ടെക്സ് ഷോറൂമിൽ ഓണം റിബേറ്റ് വില്പന മേള തുടങ്ങി. ജില്ലാ കലക്ടർ യു.വി.ജോസ് ഉദ്ഘാടനം ചെയ്തു.

കാഞ്ചീപുരം പട്ട്, സോഫ്റ്റ് സിൽക്ക്, പവിത്ര സിൽക്ക്, പ്രിന്റഡ് സിൽക്ക്, ഓർഗാനിക് വില്ലേജ് കോട്ടൺ എന്നീ സാരിത്തരങ്ങളും കേരള സാരികൾ, ദോത്തികൾ, ലുങ്കികൾ, ബഡ്ഷീറ്റുകൾ, റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ,

കുർത്തീസ്, സെറ്റും മുണ്ടുകൾ മുതലായവ മേളയിൽ ലഭ്യമാണ്. ഓണത്തോടനുബന്ധിച്ച് 30 ശതമാനം സ്പെഷ്യൽ മെഗാ റിബേറ്റ് സെപ്തംബർ നാല് വരെ ഉണ്ടായിരിക്കും. ചടങ്ങിൽ കോ-ഓപ്ടെക്സ് റീജ്യനൽ മാനേജർ ആർ.നടരാജൻ, മാനേജർ ഓഡിറ്റ് മോഹൻകുമാർ, പ്രൊഡക്ട് മാനേജർ സെൽവം എന്നിവർ സന്നിഹിതരായിരുന്നു.

## വനിതകൾക്ക് സ്വയം തൊഴിൽ വായ്പ

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 18 മുതൽ 55 വയസ്സ് വരെ പ്രായമുള്ള വനിതകൾക്ക് സ്വയം തൊഴിൽ വായ്പ വിതരണം ചെയ്യുന്നു. ന്യൂനപക്ഷം, മുന്നോക്കം വിഭാഗത്തിൽപ്പെട്ടവർക്ക് വാർഷിക വരുമാന പരിധി ഗ്രാമപ്രദേശത്ത് 81,000 രൂപയിലും, നഗര പ്രദേശത്ത് 1,03,000 രൂപയിലും കവിയരുത്. പിന്നോക്കം, പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് വാർഷിക വരുമാന പരിധി ഗ്രാമപ്രദേശത്ത് 98,000 രൂപയിലും നഗര പ്രദേശത്ത് 1,20,000 രൂപയിലും കവിയരുത്. വസ്തു, സർക്കാർ ഉദ്യോഗസ്ഥന്റെ ജാമ്യം അനിവാര്യമാണ്. താൽപര്യമുള്ള വനിതകൾ വനിതാ വികസന കോർപ്പറേഷൻ കോഴിക്കോട് മേഖലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷ ഫോറം WWW.kswdc.org എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഫോൺ -04952766454.

## പോലീസ് കോൽ സ്റ്റബിൾ കായിക ക്ഷമതാ പരീക്ഷ

ഇന്ത്യാ റിസർവ് ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾ (റഗുലർ വിംഗ്) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി ജൂലൈ 11ന് പ്രസിദ്ധീകരിച്ച് ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളുടെ ഉദ്യോഗാർത്ഥികൾക്കായി ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും ആഗസ്റ്റ് 8,9,10 തീയ്യതികളിൽ രാവിലെ 6 മണി മുതൽ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തും. അഡ്മിഷൻ ടിക്കറ്റ് പി. എസ്. സി യുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralapsc.gov.in) നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ്, കമ്മീഷൻ അംഗീകരിച്ച തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നിന്റെ അസ്സൽ എന്നിവയുമായി പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. നിശ്ചിത രീതിയിൽ കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് വീണ്ടും അവസരം നൽകുന്നതല്ല.

## ഗദ്ദിക കലാ വിപണനമേളയിനു പങ്കെടുററാൻ അവസരം

പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്വയം തൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ പരമ്പരാഗത പൈതൃക ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പാരമ്പര്യ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുമായി പട്ടികജാതി പട്ടിക വർഗ്ഗവികസന വകുപ്പുകളുടെയും കിർത്താഡ്സിന്റേയും സംയുക്താഭിമുഖ്യത്തിൽ ഗദ്ദിക ഉൽപ്പന്ന പ്രദർശന വിപണന മേളയും കലാമേളയും സംഘടിപ്പിക്കുന്നു. പാരമ്പര്യ ഉൾപ്പന്നങ്ങളുടെ ഉൽപാദനത്തിലേർപ്പെട്ട വ്യക്തികൾ, സൊസൈറ്റികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് മേളയിൽ പങ്കെടുക്കാം.

നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ഉൽപ്പന്നങ്ങളുടെ വിശദമായ വിവരം, അപേക്ഷകരുടെ പൂർണ്ണ മേൽവിലാസം ജാതി സർട്ടിഫിക്കറ്റ്, രണ്ട് പാസ്പോർട്ട്

സൈസ് ഫോട്ടോ എന്നിവ സഹിതം ഓഗസ്റ്റ് 21 വൈകുന്നേരം 5 മണിക്കുമുമ്പായി, ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ഫോൺ : 0471 - 2737218.

## ക്വട്ടേഷൻ ക്ഷണിച്ചു

പെരിന്തൽമണ്ണ താലൂക്ക് ഗവ. എംപ്ലോയീസ് കാന്റീൻ ഒരു വർഷത്തെ നടപ്പിന് ക്വട്ടേഷൻ ക്ഷണിച്ചു. ആഗസ്റ്റ് 10 വൈകുന്നേരം അഞ്ച് മണി പുതിയ ക്വട്ടേഷനുകൾ സ്വീകരിക്കും. ഫോൺ : 04933 227214.

## പാരമ്പര്യ ട്രസ്റ്റിമാരെ നിയമിക്കുന്നു

വടകര താലൂക്കിലെ കളിയാംവെള്ളി ഭഗവതി ക്ഷേത്രത്തിലും ലോകനാർ കാവ് ഭഗവതി ക്ഷേത്രത്തിലും പാരമ്പര്യേതര ട്രസ്റ്റിമാരുടെ ഒഴിവിലേക്ക് നിയമിക്കപ്പെടുന്നതിന് ഹിന്ദുമത വിശ്വാസികളായ ക്ഷേത്ര പരിസരവാസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷകൾ ആഗസ്റ്റ് 25 നു വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി തലശ്ശേരി അസി. കമ്മീഷണറുടെ ഓഫീസിൽ ലഭിക്കണം. അപേക്ഷാഫോം ഓഫീസിൽ നിന്ന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും സൗജന്യമായി ലഭിക്കും.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അദാലത്ത് 18 ന്

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആഗസ്റ്റ് 18 ന് രാവിലെ 10 മണിക്ക് കോഴിക്കോട് വെള്ളയിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അദാലത്ത് നടത്തും. കമ്മീഷനിൽ നിന്നും നോട്ടീസ് കൈപ്പറ്റിയ അപേക്ഷകരും ബന്ധപ്പെട്ട ബാങ്കിന്റെ പ്രതിനിധികളും രാവിലെ ഹാജരാകേണ്ടതാണെന്ന് അറിയിച്ചു.

## കമ്മ്യൂണിറ്റി കോളേജിൽ യോഗ കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2017 ജൂലൈ സെഷനിൽ നടത്തുന്ന യോഗ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. വിദൂരവിദ്യാഭ്യാസ രീതിയിൽ നടത്തുന്ന കോഴ്സിന് ആറു മാസമാണ് കാലാവധി. അപേക്ഷാഫോറവും പ്രോസ്പെക്ടസും 200 രൂപ നിരക്കിൽ തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ നിന്നും നേരിട്ട് ലഭിക്കും. തപാലിൽ വേണ്ടവർ എസ്.ആർ.സി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 250 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷിക്കുക. കോഴ്സ്, സ്റ്റഡിസെന്റർ സംബന്ധിച്ച വിശദാംശങ്ങൾ www.src.kerala.gov.in/www.srcc.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഫോൺ : 9447276815.

## മുയൽ വളർത്തലിൽ പരിശീലനം

മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മലമ്പുഴ ഐ.റ്റി.ഐക്ക് സമീപമുള്ള മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ആഗസ്റ്റ് ഒൻപത് **മുതൽ 10 വരെ മുയൽ** വളർത്തലിൽ രണ്ടു ദിവസത്തെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നേരിട്ടോ ഫോൺ

മുഖേനയോ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്തവർ ഒൻപതിന് രാവിലെ 10 മണിക്കു മുൻപായി മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ അറിയിച്ചു. ഫോൺ : 0491-2815454, 8281777080.

## കൈത്തറി ദിനാചരണ പരിപാടികൾക്ക് തുടക്കമായി

ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് കേന്ദ്ര ഫീൽഡ് പബ്ലിസിറ്റി ഡയറക്ടറേറ്റ് കോഴിക്കോട് ജില്ലയിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് രാമനാട്ടുകരയിൽ തുടക്കമായി. രാമനാട്ടുകര ധാനാഗ്രാമിൽ സംഘടിപ്പിച്ച കൈത്തറി ശിൽപ്പശാല ചെറുകാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജലീൽ ഉദ്ഘാടനം ചെയ്തു. കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ അസിസ്റ്റന്റ് ഡയറക്ടർ ഐസക്ക് ഈപ്പൻ, പാലക്കാട് ഫീൽഡ് പബ്ലിസിറ്റി ഓഫിസർ എം. സ്മിതി, ചിന്നമ്മാമു, കേരളാ സർവ്വോദയ സംഘം ജനറൽ മാനേജർ യു. രാധാകൃഷ്ണൻ, ഗ്രാമ നിർമ്മാണ സമിതി സെക്രട്ടറി ഉദയൻ. സി. സായിനാഥ്, കാനറാ ബാങ്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം ഡയറക്ടർ ടി. കൃഷ്ണനുണ്ണി തുടങ്ങിയവർ സംസാരിച്ചു.

## കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭേദഗതി അപേക്ഷ

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട വിവരങ്ങൾ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിൽ 100 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച് പുനഃപരിശോധന അപേക്ഷ ഫയൽ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

## പുതിയ റേഷൻ കാർഡ് വിതരണം

കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുള്ള വിവിധ റേഷൻ കടകളിൽ പുതിയ റേഷൻ കാർഡ് ആഗസ്റ്റ് ഏഴിന് കടയുടെ പരിസരത്ത് വിതരണം നടത്തുമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. തിയതി, റേഷൻ കട നം, സ്ഥലം എന്നീ ക്രമത്തിൽ : ആഗസ്റ്റ് ഏഴിന് -85 -പറമ്പിൽ ബസാർ, (മാവേലി സ്റ്റോറിനു മുകളിൽ), 78- റേഷൻകട പരിസരം. കാർഡ് ഉടമയോ, കാർഡിൽ ഉൾപ്പെട്ട ഏതെങ്കിലും അംഗമോ തിരിച്ചറിയൽ രേഖയും പഴയ റേഷൻകാർഡ് സഹിതം പുതിയ റേഷൻ കാർഡ് കൈപ്പറ്റാവുന്നതാണ്. സമയം രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ. റേഷൻ കാർഡിന്റെ വില - പൊതുവിഭാഗം 100 രൂപ, മുൻഗണനാ വിഭാഗം 50 രൂപ.

## തീറ്റപുൽ കൃഷി പരിശീലനം

ബേപ്പൂർ, നടുവട്ടത്തെ കേരള സർക്കാർ ക്ഷീര പരിശീലന കേന്ദ്രത്തിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീര കർഷകർക്ക് രണ്ട ു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. കന്നുകാലി തീറ്റയായി ഉപയോഗിക്കുന്ന വിവിധയിനം പുല്ലുകൾ, പയറുവർഗ്ഗ വിളകൾ, ധാന്യവിളകൾ, അസോള എന്നിവയുടെ കൃഷിരീതികൾ, തീറ്റപ്പുൽ സംസ്കരണം, ആധുനിക തീറ്റപ്പുൽ ഉല്പാദനം തുടങ്ങിയ വിഷയങ്ങളിൽ ആഗസ്റ്റ് ഏഴ്, എട്ട് തീയതികളിലാണ് പരിശീലനം. 50 സെന്റിൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി ചെയ്യുവാൻ താല്പര്യമുള്ള ക്ഷീര കർഷകർക്കും സംരംഭകർക്കും മുൻഗണന.

താൽപര്യമുള്ളവർ ആഗസ്റ്റ് ഏഴിന്  രാവിലെ 10 മണിക്ക് മുമ്പായി, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പു സഹിതം കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതാണ്. ഫോൺ : 0495 2414579.

## ക്വട്ടേഷൻ ക്ഷണിച്ചു

കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്ക് ഗ്ലാസ്സ് ടേബിൾടോപ്പ് വാങ്ങുന്നതിനുവേണ്ടി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 11 വൈകീട്ട് നാല് മണി. ഫോൺ : 0495-2383220, 2383210.

## അദ്ധ്യാപകരെ നിയമിക്കുന്നു

കോഴിക്കോട് ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഹിന്ദി വിഭാഗത്തിൽ അതിഥി അദ്ധ്യാപകരെ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ 55 ശതമാനം മാർക്കോടെ ബിരുദാനന്തരബിരുദം നേടിയവരും നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) പാസ്സായവരും കോഴിക്കോട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപഡയറക്ടറേറ്റിൽ തയ്യാറാക്കിയിട്ടുള്ള അതിഥി അദ്ധ്യാപകരുടെ പാനലിൽ ഉൾപ്പെട്ടിട്ടുള്ളവരും ആയിരിക്കണം. താൽപര്യമുള്ളവർ രേഖകൾ സഹിതം ആഗസ്റ്റ് 16 ന് രാവിലെ 10 മണിക്ക് പ്രിൻസിപ്പാൾ മുമ്പാകെ കൂടിക്കാഴ്ചക്ക് ഹാജരാകേണ്ടതാണ്.

## വാഹനപരിശോധന : 54 പേരുടെ ലൈസൻസ് റദ്ദാക്കി

കോഴിക്കോട് സിറ്റിയിൽ അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച മോട്ടോർ വാഹന വകുപ്പിന്റെ സ്പെഷ്യൽ സ്ക്വാഡും പോലീസും സംയുക്തമായി നടത്തിയ വാഹന പരിശോധനയെ തുടർന്ന്  54 പേരുടെ ലൈസൻസ് റദ്ദാക്കി. വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിച്ച 19 പേരുടേയും, അമിത ഭാരം കയറ്റിയ 10 പേരുടേയും, അപകടകരമാം വിധം വാഹനം ഓടിച്ച 20 പേരുടേയും സിഗ്നൽ ലംഘനം നടത്തിയ അഞ്ച് പേരുടേയും ലൈസൻസാണ് റദ്ദാക്കിയത്. സീറ്റ് ബെൽറ്റ് ധരിക്കാത്ത 45 പേർക്കെതിരെയും, ഹെൽമറ്റ് ധരിക്കാത്ത 146 പേർക്കെതിരെയും, വാഹനത്തിന്റെ രൂപമാറ്റം വരുത്തിയ 34 പേർക്കെതിരെയും, റോഡ് നികുതി അടയ്ക്കാത്ത 47 വാഹനത്തിനെതിരെയും, പെർമിറ്റ് ലംഘനം നടത്തിയ 41 പേർക്കെതിരെയും നടപടി സ്വീകരിച്ചു. മൊത്തം 507 കേസുകളിലായി 492800 രൂപ പിഴ ഈടാക്കി. ശക്തമായ പരിശോധനയും നടപടികളും വരും ദിവസങ്ങളിലും തുടരുമെന്ന് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

## പിന്നോക്ക വിഭാഗം ഉദ്യോഗസ്ഥർക്ക് വായ്പാ സൗകര്യം

കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ, ഒ.ബി.സി മതന്യൂനപക്ഷ വിഭാഗത്തിൽപെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് വിവിധതരം വായ്പകൾ അനുവദിക്കുന്നു. ഭവനപുനരുദ്ധാരണ വായ്പ അഞ്ച് ലക്ഷം രൂപ വരെയും വാഹന വായ്പ ആറ് ലക്ഷം രൂപവരെയും ഗൃഹോപകരണവായ്പ  രണ്ട് ലക്ഷം രൂപ വരെയുമാണ്. അപേക്ഷാഫോറവും വിശദവിവരങ്ങളും ലഭിക്കുന്നതിന് റെയിൽവേസ്റ്റേഷൻ ലിങ്ക് റോഡിൽ വികാസ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ : 0495-2701800.

## ഭൂരേഖ കമ്പ്യൂട്ടർ വൽക്കരണം ഭൂവടമകൾ വിവരങ്ങൾ നൽകണം

മുഴുവൻ കൈവശക്കാരുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടർ വൽക്കരിക്കാനും എല്ലാ കൈവശക്കാർക്കും തണ്ടപ്പേർ നമ്പർ നൽകുന്നതിനും ഭൂനികുതി ഓൺലൈൻ ആയി സ്വീകരിക്കുന്നതിനും ഓൺലൈൻ പോക്കുവരവ് ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു. കോർപ്പറേഷൻ മുനിസിപ്പാലിറ്റി/പഞ്ചായത്ത് അംഗങ്ങൾ, അംഗനവാടി വർക്കേഴ്സ്, കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും ലഭ്യമാകുന്ന വിവരശേഖരണ ഫോമിൽ വിവരങ്ങൾ പൂരിപ്പിച്ച് ഭൂമിയുടെ ആധാരത്തിന്റെ അസൽ, 2017-18 വർഷത്തെ നികുതി രശീതി, ആധാർ കാർഡ് എന്നിവ സഹിതം ആഗസ്റ്റ് മാസത്തിൽ കോഴിക്കോട് താലൂക്കിലെ വില്ലേജിന്റെ പരിധിയിൽ നടത്തപ്പെടുന്ന ക്യാമ്പിൽ സമർപ്പിക്കണം. തുടർന്ന് ഭൂമിയുടെ നികുതി അടക്കാനും പോക്കുവരവ് ചെയ്യുന്നതിനും ഭൂമിക്ക് തണ്ടപ്പേർ നമ്പർ അനുവദിക്കാനും ഇതാവശ്യമാണ്. ഭൂമി കൈവശംവെച്ചുവരുന്ന എല്ലാവരും അതതു വില്ലേജിന്റെ പരിധിയിൽ നടത്തപ്പെടുന്ന ക്യാമ്പിൽ വിവര ശേഖരണ ഫോം, ആധാരങ്ങളുടെ അസ്സൽ, ആധാരം ബാങ്കിൽ ആണെങ്കിൽ ബാങ്കിൽ നിന്നുള്ള കത്ത്, 2017-18 ലെ ഭൂനികുതി രശീതി, ആധാർ കാർഡ് എന്നിവ സഹിതം സമർപ്പിക്കണമെന്ന് തഹസിൽദാർ അറിയിച്ചു. പൂരിപ്പിച്ച അപേക്ഷകൾ പ്രത്യേക ക്യാമ്പുകൾ വഴി തിരികെ സ്വീകരിക്കുന്ന ദിവസം പത്രക്കുറിപ്പ് വഴി അറിയിക്കും.

## നഗരഹൃദയത്തിൽ കയ്യേറിയ ഭൂമി തിരിച്ചുപിടിച്ചു

എരഞ്ഞിപ്പാലം അരയിടത്തുപ്പാലം ബൈപ്പാസ് റോഡിൽ സ്വകാര്യവ്യക്തി കയ്യേറിയ ഭൂമി റവന്യൂ അധികൃതർ തിരിച്ചു പിടിച്ച് കല്ലിട്ടു. മേയർ തോട്ടത്തിൽ രവീന്ദ്രൻ, ജില്ലാ കലക്ടർ യു.വി.ജോസ് എന്നിവർ കല്ലിടൽ നിർവ്വഹിച്ചു. സരോവരം ബയോപാർക്കിന് മുൻവശം റിലയൻസ് പെട്രോൾ പമ്പ് മുതൽ മിനി ബൈപ്പാസ് വരെയുള്ള പ്രദേശത്താണ് അഞ്ഞൂറ് മീറ്ററോളള നീളത്തിൽ ഭൂമി കയ്യേറ്റമുണ്ടായത്. മൂന്നര മീറ്റർ മുതൽ ഏഴ് മീറ്റർ വരെ വീതിയിൽ നീളത്തിലാണ് കയ്യേറ്റം നടന്നത്. ഈ സ്ഥലം സ്വകാര്യ വ്യക്തി ഉപയോഗപ്പെടുത്തി വരികയായിരുന്നു. രണ്ടു ദിവസം മുമ്പാണ് ഇക്കാര്യം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടത്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ രേഖകൾ പരിശോധിച്ചു. ഭൂമി അളന്നു തിട്ടപ്പെടുത്തി. നടപടികൾക്ക് തഹസിൽദാർ ഇ.അനിതകമാരി, വില്ലേജ് ഓഫീസർ ടി.ബാബുരാജ് എന്നിവർ നേതൃത്വം നൽകി.

## നേതൃത്വപരിശീലന ക്യാമ്പ് സംഘടിപ്പിച്ചു

കലാ കായിക സാംസ്കാരിക രംഗത്തെ പുത്തനുണർവ്വിന് നാട്ടിൻ പുറങ്ങളിലുള്ള യുവജന കലാകായിക സമിതികൾ നേതൃത്വം കൊടുക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബാബു പറശ്ശേരി അഭിപ്രായപ്പെട്ടു. കേരളത്തിനുണ്ടായ നേട്ടങ്ങൾക്ക് ഗ്രാമീണ സാംസ്കാരിക സമിതികളും ക്ലബുകളും

വഹിച്ച പങ്ക് വളരെ വിലപ്പെട്ടതാണെന്ന് അദ്ദേഹം പറഞ്ഞു. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ യൂത്ത് ക്ലബ് മഹിളാസമാജം ഭാരവാഹികൾക്കായി സംഘടിപ്പിച്ച ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നെഹ്റു യുവകേന്ദ്ര ജില്ലയൂത്ത് കോ-ഓർഡിനേറ്റർ എം.അനിൽകുമാർ അധ്യക്ഷത വഹിച്ചു. എം.മോഹൻദാസ് ഉഷിത, മുജീബ് റഹ്മാൻ, സജി നരിക്കുഴി, ലയോണ കെ. അബ്ദുൾ മജീദ്, സഹൻ എന്നിവർ പ്രസംഗിച്ചു.

## ശുചീകരിച്ചു

സ്വച്ഛ്ഭാരത് അഭിയാന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ശുചിത്വ പക്ഷാചരണ പരിപാടികൾ നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ഈസ്റ്റ്ഹിൽ കേന്ദ്രീയ വിദ്യാലയ റോഡിലെ ശ്രമദാനത്തിന് പുറമേ നഗരത്തിലെ പ്രധാന പ്രതിമകളും സ്മാരകങ്ങളും വൃത്തിയായി. തുടർന്ന് ശുചിത്വ പ്രതിജ്ഞയെടുത്തു.

## മൾട്ടിടാസ്ക് കെയർ പ്രൊവൈഡർമാരുടെ ഒഴിവുകൾ

കോഴിക്കോട് ഗവ.ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലേക്ക് മൾട്ടിടാസ്ക് കെയർ പ്രൊവൈഡർമാരെ താൽക്കാലികമായി നിയമിക്കുന്നു. അഞ്ച് മുതൽ 18 വയസ്സ് വരെയുള്ള പെൺകുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ടും ഇവരുടെ പിചരണവും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട ഏതു ജോലിയം ചെയ്യുന്നതിന് തയ്യാറുള്ളതും 8 ാം തരം പാസ്സായവരും 25 നും 46 നും ഇടയിൽ പ്രായമുള്ളവരുമായ ഉദ്യോഗാർത്ഥികൾ അസ്സൽ രേഖകളും (യോഗ്യത, തിരിച്ചറിയൽ)പകർപ്പുകളുമായി ആഗസ്റ്റ് 10 ന് രാവിലെ 11 ന് കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ നടത്തുന്ന കൂടിക്കാഴ്ചയിൽ നേരിട്ട് ഹാജരാകണം.

## അനർഹമായി മുൻഗണനാലിസ്റ്റ്:
## 20 റേഷൻകാർഡുകൾ പിടിച്ചെടുത്തു

റേഷൻകാർഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തുന്നതിന്റെ ഭാഗമായി കൊടുവള്ളി, കൂടരഞ്ഞി പഞ്ചായത്തുകളിലായി നടത്തിയ റെയ്ഡിൽ അനർഹമായി മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ട 20 റേഷൻകാർഡുകൾ പിടിച്ചെടുത്തു. കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസർ കെ. മനോജ്കുമാർ, താമരശ്ശേരി താലൂക്ക് സപ്ലൈ ഓഫീസർ പി.വി. രമേശൻ, റേഷനിംഗ് ഇൻസ്പെക്ടർ പി.കെ. സുമേഷ് എന്നിവർ നേതൃത്വം നൽകി.

## ദേശീയ വിരവിമുക്ത ദിനം ആഗസ്റ്റ് പത്തിന്

പോഷണ വൈകല്യത്തിനും വിളർച്ചയ്ക്കും ശാരീരികവും മാനസികവുമായി വികാസ വൈകല്യത്തിനും കാരണമാവുന്ന കുട്ടികളിലെ വിരബാധ തടയുന്നതിനായി സംഘടിപ്പിക്കുന്ന ദേശീയ വിരവിമുക്ത ദിനാചരണം ആഗസ്റ്റ് പത്തിന് നടക്കും. ഒന്നു മുതൽ 19 വയസ്സുവരെയുള്ള കുട്ടികൾക്ക് വിരനശീകരണത്തിനുള്ള ആൽബൻന്റ സോൾ ഗുളിക അങ്കണവാടികളിലൂടെയും സ്കൂളുകളിലൂടെയും സൗജന്യമായി നൽകും. വർഷത്തിൽ രണ്ടു പ്രാവശ്യം ആറു മാസം ഇടവിട്ട് വിരബാധയ്ക്ക് എതിരായ ഗുളിക ഒന്നു മുതൽ 19 വയസ്സുവരെയുള്ള കുട്ടികൾക്ക് നൽകുകയാണ് ലക്ഷ്യമിടുന്നത്.

മണ്ണിലും വൃത്തിഹീനമായ സ്ഥലങ്ങളിലും കളിക്കുകയും പെരുമാറുകയും ചെയ്യുമ്പോൾ വിരകൾ നഖത്തിലൂടെയും മറ്റും ശരീരത്തിൽ പ്രവേശിക്കുന്നു. അ

തിനാൽ നഖങ്ങൾ വെട്ടി വൃത്തിയായി സൂക്ഷിക്കുകയും ഭക്ഷണത്തിനു മുമ്പ് കൈകൾ നന്നായി സോപ്പ് ഉപയോഗിച്ച് കഴുകുകയും ചെയ്യേണ്ടതാണ്. കൂടാതെ പരിസരം വൃത്തിയായി സൂക്ഷിക്കുക, പാദരക്ഷകൾ ഉപയോഗിക്കുക, മലമൂത്ര വിസർജനം കക്കൂസിൽ മാത്രം നടത്തുക എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് 10 ന് ഉച്ച മൂന്നിന് കോഴിക്കോട് സെൻറ് ആഞ്ചലാസ് എ.യു.പി സ്കൂളിൽ കോർപറേഷൻ മേയർ തോട്ടത്തിൽ രവീന്ദ്രൻ നിർവഹിക്കും. ഇതു സംബന്ധിച്ച ജില്ലാ തല ടാസ്ക് ഫോഴ്സ് യോഗത്തിൽ എ.ഡി.എം ടി. ജനിൽ കുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. സരളാദേവി, ജില്ലാ സാമൂഹ്യനീതി ഓഫീസർ ടി.പി സാറാമ്മ, ഐ.എം.എ കോഴിക്കോട് പ്രസിഡന്റ് ഡോ. പി.എൻ അനിത തുടങ്ങിയവർ പങ്കെടുത്തു.

## ടൂറിസം പദ്ധതികളുടെ അവലോകന യോഗം നടത്തി

ബാലുശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ കളക്റേറ്റിൽ ചേർന്ന യോഗത്തിൽ അവലോകനം ചെയ്തു. തോണിക്കടവിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ടൂറിസം പദ്ധതി, കക്കയം വഴിയോര വിശ്രമ കേന്ദ്രം, ബാലുശ്ശേരി ടൂറിസം കൊറിഡോർ തുടങ്ങിയ പദ്ധതികളാണ് അവലോകനം ചെയ്തത്. പുരുഷൻ കടലുണ്ടി എം.എൽ.എ, ജില്ലാ കളക്ടർ യു.വി ജോസ്, ടൂറിസം ജോയിൻറ് ഡയറക്ടർ പി.എൻ അനിതകുമാരി, ഡി.ടി.പി.സി സെക്രട്ടറി ബിനോയ് വേണുഗോപാൽ തുടങ്ങിയവർ പങ്കെടുത്തു.

അവസാനിച്ചു.